മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

# വാദെദൽമീനോ

# ശുശ്രൂഷക്രമം



# വാദെദൽമീനോ

(കഷ്ടാനുഭവാഴ്ചയിലെ തിങ്കളാഴ്ച രാത്രിയുടെ രണ്ടാം കൗമായ്ക്കു ശേഷം പട്ടക്കാരൻ അംശവസ്ത്രം ധരിച്ച് ശുശ്രൂഷ തുടങ്ങേണ്ടതും ശുശ്രൂഷാമദ്ധ്യേ ഏവൻഗേലിയോനു മുമ്പായി വിശ്വാസികൾ മെഴുകുതിരികൾ കത്തിച്ചുപിടിച്ച് പ്രദക്ഷിണത്തിൽ പങ്കുചേരുകയും പടിഞ്ഞാറെ വാതിൽക്കൽ വച്ച് ഏവൻഗേലിയോൻ വായിക്കുകയും തുടർന്ന് വാതിൽ തുറന്ന് അകത്ത് കടന്നു ഹൂത്തോമ്മോയോടുകൂടി അവസാനിപ്പിക്കുകയും ചെയ്യുന്നു. 'വാദെദൽമീനൊ' എന്നാൽ 'തുറമുഖത്തേക്ക് അടുക്കുക' എന്നർത്ഥം. ഉയിർപ്പാകുന്ന തുറമുഖത്തേക്ക് ബുദ്ധിമതികളായ കന്യകമാരെപ്പോലെ ദീപയഷ്ടികൾ തെളിയിച്ചുകൊണ്ട് പ്രവേശിക്കണം എന്ന് ഈ ശുശ്രൂഷ നമ്മെ പഠിപ്പിക്കുന്നു.)

## സ്ലൂസോ

പട്ടക്കാരൻ: പിതാവിനും പുത്രനും........

ജനം: ബലഹീനരും പാപികളുമായ.......

പട്ട: ജീവന്റെ ഉറവിടവും സകല നന്മകളുടെയും തുറമുഖവും ആയിരിക്കുന്ന ഞങ്ങളുടെ മിശിഹാതമ്പുരാനെ, മഹത്വമുള്ള നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ നീതിയാകുന്ന എണ്ണകൊണ്ടു നിറഞ്ഞിരിക്കുന്ന വെടിപ്പുള്ള ദീപയഷ്ടികൾ മൂലം നിന്റെ എതിരേൽപ്പിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. ഞങ്ങളുടെ ദീപയഷ്ടികളാൽ പ്രകാശിച്ചും ഞങ്ങളുടെ മുഖം പ്രസന്നമായും നിന്റെ ദിവ്യദർശനത്തിനു ഞങ്ങൾ യോഗ്യരായിത്തീരേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഉണർവ്വോടും ശോഭയോടും വെടിപ്പോടും കൂടി ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം എന്നേക്കും നിനക്കായി കാത്തിരിപ്പാൻ ഞങ്ങൾക്ക് കൃപ നൽകണമെ.

ഹോശോ........ ആമ്മീൻ.

## 51-ാം മസുമൂർ

## എനിയോനൊ-ശ്മായോനെ

1. ദീപേഷ്ടികളേന്തുന്നോർക്കായ്-മണവറ ഹാ! സജ്ജമതായി
മണവാളൻ വന്നീടുമ്പോൾ-മണവറയെ അവരുൾപ്പൂകും.
2. നൗകയിതാ തുറമുഖമാർന്നു-ഉത്ഥാനമതാം വൻനാളിൽ
മശിഹായെ എതിരേറ്റിടാം-നവ്യമതാം ദീപേഷ്ടികളാൽ
3. കണ്ടാലും മണവറശ്രേഷ്ഠം-ശ്രേഷ്ഠമതാം സൗരഭ്യത്താൽ
മണവാളൻ ക്ഷണിച്ചവരെ ഹാ-അവനുൾപ്പൂകാനന്ദിപ്പിൻ
4. ഭോഷകളാം കന്യകമാർ പോൽ-അണയരുതെ നിന്നുടെ ദീപം
മണവാളൻ വന്നീടുമ്പോൾ-അവരുൾപ്പൂകാനിടയാകാ
5. നാഥാ ശോഭിതമാക്കണമെ-ഞങ്ങൾ തൻ ദീപേഷ്ടികളെ
ഞങ്ങൾ നിൻ തോഴന്മാരായ്-മണവറയിൽ മോദിക്കണമെ

ബാറെക്മോർ

ശുബഹോ.... മെനഓലം....

6. പോക്കണമെ നാഥാ കൃപയാൽ ഞങ്ങൾ തൻ കട പാപങ്ങൾ
ജ്ഞാനികളാം കന്യകമാർ പോൽ–മോദിപ്പാനിടയാകട്ടെ.
സ്തൗമെൻകാലോസ്....

## പ്രുമിയോൻ

പട്ട: നാമെല്ലാവരും പ്രാർത്ഥിച്ച്........

ജനം: അനുഗ്രഹിക്കുന്നവനായ കർത്താവേ...

പട്ട: സ്തുതിയും സ്തോത്രവും......

പാപത്താൽ വലഞ്ഞ് ആവലാതിപ്പെട്ടിരിക്കുന്നവരുടെ മനസ്സിനു ആശ്വാസം കണ്ടെത്തിയ നിരപ്പിൻ തുറമുഖവും ന്യായപ്രമാണത്തിന്റെ ഭാരമേറിയ ചുമടുകളെ വഹിച്ചുകൊണ്ടിരിക്കുന്നവർക്ക് സ്വതന്ത്രരായിട്ടുള്ള ശാന്തമായ ആശ്വാസവും, ജ്ഞാനികളായ കന്യകമാരെ തന്റെ വിരുന്നിലേക്കു ക്ഷണിച്ച് എണ്ണ നിറച്ച ദീപയഷ്ടികളെ കത്തിപ്പാനും അതു മൂലം ഉണർവ്വോടുകൂടി തനിക്കായി കാത്തിരിക്കണമെന്നും ശോഭയോടും വെടിപ്പോടും സന്തോഷത്തോടും കൂടി തന്റെ തിരുസന്നിധിയിൽ ഉറക്കം ഇളച്ചിരിക്കണമെന്നും കല്പിച്ചവനുമായ തനിക്കു സ്തുതി. തനിക്കു ഈ നേരത്തിലും......

ആമ്മീൻ.

## സെദറ

നമ്മുടെ ദൈവവും രക്ഷകനുമാകുന്ന യേശുമിശിഹാ, നിരപ്പിൻ തുറമുഖവും ആശ്വാസത്തിന്റെ വാസസ്ഥലവും ശാന്തതയും സമാധാനവും ഉള്ള ആശ്വാസവും ആകുന്നു. നല്ലവനായ തന്റെ അനാദ്യന്ത കരുണ തന്റെ സൃഷ്ടിമേൽ ചൊരിഞ്ഞു. സൃഷ്ടി ഇത്രയധികം നിന്ദ അനുഭവിക്കുന്നതു കണ്ടിട്ട് താൻ സഹിച്ചില്ല. നല്ല ഇടയനായ താൻ, കാണാതെ പോയ തന്റെ ആടിനെ അന്വേഷിച്ചു പുറപ്പെടുകയും പാപവികാരങ്ങളിൽ ഒളിച്ചിരുന്ന ആ രാജകീയ ഗണത്തെ കണ്ടെടുക്കുകയും ചെയ്തു. അതിനെ മാമോദീസയാകുന്ന ചൂളയിൽ സ്ഫുടം ചെയ്തു വെടിപ്പാക്കി, അതിന്റെ ആദ്യ ഭംഗി അതിനു കൊടുത്തു. ഇപ്പോൾ ദൈവമായ കർത്താവേ, പാപത്തിന്റെ അഴുക്കിൽ നിന്ന് ഞങ്ങളുടെ ആത്മാക്കളെ പൂർണ്ണമായി നീ സ്വാതന്ത്ര്യപ്പെടുത്തേണമെ. വിശുദ്ധറൂഹായുടെ കൃപയിൽ നിന്നു ഞങ്ങൾ ഉരിയപ്പെട്ടവരാകാതെ നിന്റെ ദൈവത്വത്തിനു വെടിപ്പുള്ള ആലയങ്ങളായിരിപ്പാൻ ഞങ്ങളെ നീ യോഗ്യരാക്കേണമേ. വിസ്മയകരമായ രണ്ടാമത്തെ നിന്റെ എഴുന്നള്ളത്തിൽ ജ്ഞാനികളായ കന്യകകളോടുകൂടെ നീതിയാകുന്ന എണ്ണകൊണ്ട് നിറഞ്ഞ വെടിപ്പുള്ള ദീപയഷ്ടികൾ സഹിതം നിന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങൾക്കു കൃപ നൽകേണമെ. 'പോകുവീൻ, നിങ്ങളെ ഞാൻ അറിയുകയില്ല' എന്നു പറയുന്ന ശബ്ദം ഞങ്ങളെ നീ കേൾപ്പിക്കരുതേ. കർത്താവേ, ഞങ്ങൾ പരവശതയോടും ദുഃഖത്തോടും ഇവിടെ ജീവിക്കുമാറാകരുതെ. നിന്റെ മണവറയുടെ യോഗ്യമായ പെരുന്നാളിൽ നിന്ന് ഞങ്ങൾ അന്യരാകരുതേ. ഞങ്ങളുടെ ദീപയഷ്ടികൾ ജ്വലിച്ചും കാഹളങ്ങൾ ധ്വനിച്ചും ഇരിക്കെ നിന്റെ ദിവ്യകാഴ്ചയ്ക്ക് ഞങ്ങളെ നീ യോഗ്യന്മാരാക്കേണമേ. അവിടെ സ്നേഹിക്കത്തക്ക വിരുന്നിൽ, നീ ക്ഷണിച്ചിരിക്കുന്നവരുടെ പന്തിഭോജനത്തിൽ, വിശേഷ ഭക്ഷണപദാർത്ഥങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്ന, ആ മേശമേൽ ഞങ്ങൾ ഇമ്പപ്പെടുമാറാകണമേ. സത്യവിശ്വാസത്തോടെ നിന്റെ ആത്മീയ തുറമുഖത്തിലേക്കും സകല വിശുദ്ധന്മാരുടെ ആശ്വാസസ്ഥലത്തേക്കും ഞങ്ങൾ ചെന്നുചേരുമാറാകേണമെ. സർവ്വലോകത്തിലുമുള്ള നിന്റെ പരിശുദ്ധ സഭയുടെ കൊമ്പിനെ നിന്റെ സ്തുതികളാൽ നീ പുകഴ്ത്തേണമേ. പരിശുദ്ധാത്മാവിന്റെ സംഗീതങ്ങളിൽ അതിനെ നീ ഐശ്വര്യപ്പെടുത്തേണമേ. ഞങ്ങൾ ആത്മീയ ദീപയഷ്ടികളോടും നിന്റെ വിരുന്നിനുതകുന്ന വസ്ത്രങ്ങളോടും കൂടെ നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിൽ നിന്നെ എതിരേല്പാൻ പുറപ്പെടുമാറാകണമേ. ഈ ലോകത്തിൽ വച്ച് പലവിധമായ ഉപദേശങ്ങളിൽ നിന്ന് അതിനെ കാത്തും, സത്യവിശ്വാസമാകുന്ന പാറമേൽ അതിന്റെ അടിസ്ഥാനങ്ങൾ ഉറപ്പിച്ചുംകൊണ്ട് ലോകാവസാനത്തോളം സന്തോഷപ്പെരുന്നാളുകൾ അത് നിനക്കു കഴിക്കുമാറാകണമേ. അതിന്റെ തലയെ നീ പുകഴ്ത്തേണമേ. ഉണർവ്വോടും താല്പര്യത്തോടും കൂടെ അതിനെ മേയിച്ച് നിരപ്പിൻ തുറമുഖങ്ങളിലേക്ക് അടുപ്പിക്കുവാൻ വേണ്ടി ജ്ഞാനികളായ ഇടയന്മാരെ അതിൽ നിയമിച്ചാക്കേണമേ. ശോഭയോടെ തിരുസന്നിധിയിൽ ശുശ്രൂഷിപ്പാൻ അതിലെ പട്ടക്കാരെ നീ വിശുദ്ധരാക്കേണമേ. വെടിപ്പോടും വിശുദ്ധിയോടും കൂടി മാലാഖമാർക്കടുത്ത നടപടികളിൽ തഴുകി പരിശുദ്ധ കൂട്ടങ്ങളിൽ നിന്നു ഹാലേലൂയ്യാ പാടുവാൻ അതിലെ ശെമ്മാശ്ശന്മാരെ ശോഭയുള്ളവരാക്കണമേ. അതിന്റെ മക്കളെ നീ ഭരിച്ചുകൊള്ളണമേ. വൃദ്ധന്മാരെ താങ്ങണമെ. ബാല്യക്കാരെ നീ സഹായിക്കേണമെ. ദോഷങ്ങളിലേക്കു ചാഞ്ഞുപോകാതിരിപ്പാൻ നിന്നിൽ നിന്നുള്ള ശക്തി അവർക്കു നൽകേണമേ. പൈത

ങ്ങളെ നന്നായി വളർത്തണമേ. ജയമുണ്ടാക്കുന്ന നിന്റെ സ്ലീബാ യാൽ സർവ്വലോകത്തെയും നീ മുദ്ര വയ്ക്കേണമേ. രോഗികളെ സുഖപ്പെടുത്തേണമേ. ഞെരുങ്ങിയിരിക്കുന്നവരെ ആശ്വസിപ്പിക്കേണമേ. ദരിദ്രന്മാരെയും അനാഥരെയും വിധവമാരെയും നീ എഴുന്നേറ്റു സഹായിക്കേണമേ. അടിമപ്പെട്ടു പോയിരിക്കുന്നവരെ രക്ഷിക്കേണമേ. ബന്ധിക്കപ്പെട്ടവരെ അഴിച്ചുവിടേണമേ. ചിതറിപ്പോയവരെ ഒരുമിച്ചു കൂട്ടേണമേ. സകലവിധ പ്രയാസത്തിലിരിക്കുന്നവർഈ ലോക സമുദ്രത്തിന്റെ ചുഴലികളിൽ നിന്നും ഓളങ്ങളിൽ നിന്നും ഒരുക്കപ്പെട്ടിരിക്കുന്ന തുറമുഖത്ത് ചെന്നടുത്ത് അതിൽ പ്രവേശിക്കേണമേ. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും തുറമുഖവും ഈ ആത്മീയ പോരാട്ടത്തിന്റെ അന്ത്യവുമാകുന്ന നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ആനന്ദത്തിനും സന്തോഷത്തിനും വെടിപ്പോടെ ഞങ്ങൾ ഒരുങ്ങുമാറാകണമേ. ഉയിർത്തെഴുന്നേൽപിൽ നിന്റെ പരിശുദ്ധ ശിഷ്യന്മാരോടുകൂടെ ഞങ്ങൾ ആനന്ദിക്കേണമേ. നിന്റെ ആത്മീയ മുന്തിരിത്തോട്ടത്തിൽ വേല ചെയ്തവർക്ക് ഭാഗ്യമുള്ള ആശ്വാസം നൽകുന്ന ആ ജീവന്റെ തുറമുഖത്ത് അവരോടുകൂടെ ഞങ്ങളും കാണപ്പെടണമെ. പ്രകാശമുള്ള ദീപയഷ്ടികളാൽ ഞങ്ങളും പ്രകാശിച്ചുകൊണ്ട് നിന്റെയും നിന്റെ പിതാവിന്റെയും നിന്റെ വിശുദ്ധറൂഹായുടെയും കൃപയെ ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും സ്തുതിക്കുമാറാകണമേ. ഹോശോ.......

ദൈവത്തിൽ നിന്ന്...

## കൂക്കോയോ

കന്യകമാർ പക്ഷം ചേർന്നു ദീപേഷ്ടികളേന്തി
മണവാളനെ നോക്കിയിരുന്നാർ ക്ഷീണിച്ചു മയങ്ങി

അവരഞ്ചാൾകൾ ഭോഷികളായോരും
മറ്റവരഞ്ചാൾ ജ്ഞാനികളായോരും

മണവാളൻ വന്നീടുന്നെന്നറിവാലൊരു നേരം
ജ്ഞാനികളായൊരു കന്യകമാർ മണവാളന്നൊപ്പം
ഹാലേലൂയ്യാ-മണവറയിൽ പൂകി

സ്വർഗ്ഗമണാളനൊരുക്കുന്നു വലുതാം വിരുന്നിനു
ക്ഷണിച്ചീടുന്നവൻ ഏവരെയും തൻകൂടെ ഭുജിപ്പാൻ

നൽവസനത്താൽ നാമലങ്കൃതമാക
കടപാപങ്ങൾ ഉന്മൂലം ചെയ്ക

പങ്കിലവസ്ത്രമുടുത്തോരായ് നാം കാണപ്പെട്ടാൽ
ഉൾപൂകീടാൻ കഴിയാതെ തള്ളപ്പെടുമോർക്ക
ഹാലേലുയ്യാ - നാഥാ കനിയണമേ
ബാറെക്മോർ

ശുബഹോ...മെനഓലം

ദൈവിക കാഹളധ്വനി കേൾക്കും നേരം സോദരരെ
അത്യുന്നതനെ കീർത്തിക്കാം നിശ്ചിതമാം സ്ഥാനെ

തന്നുയിർപ്പാലെ നാമോ മോദിക്ക
തൻ സുവിശേഷം ഘോഷിക്കാം മോദാൽ

തൻ സ്നേഹാൽ  വന്നീധരയിൽ നമ്മെ രക്ഷിപ്പാൻ
തന്നുയിർപ്പാം കടവതിലേക്കായ് തൻ സുതരെ വിളിച്ചോൻ
ഹാലേലുയ്യാ-സ്തുത്യം തൻ സ്നേഹം          മൊറിയോ..........

## എത്രോ

കർത്താവേ സ്വർഗ്ഗീയ തുറമുഖത്ത് ദീപേഷ്ടികളെ പിടിച്ചു കൊണ്ട് നിർമ്മലമായും വിശുദ്ധിയോടും കൂടെ വന്നുചേരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും ആ രക്ഷാ സ്ഥാനത്ത് ഞങ്ങളുടെ ആത്മാവിന്റെ ഭക്ഷണമായിരിക്കണമെ. ഇന്ന് നിന്റെ ഉയിർപ്പാകുന്ന രക്ഷാപ്രവർത്തനത്താൽ ഞങ്ങൾ സന്തോഷിക്കുമാറാകണമെ. രക്ഷയുടെയും ജീവന്റെയും നാഥന് എന്നേക്കും സ്തുതി. ഹോശോ.....

## ബോത്തെദ് ഹാശോ

ഞങ്ങൾക്കായ് നീ ഏറ്റൊരു പീഡ
താഴ്ചകളേറ്റം ധന്യം നാഥാ

1. തൻ കഷ്ടതയെ ധ്യാനിപ്പോനതു
രക്ഷാ തുറമുഖമെന്നും നൂനം
തൻ കഷ്ടതയാൽ തൻ ത്യാഗത്താൽ
സ്നേഹം കരുണ ത്യാഗം സഹനം
എന്നിവ നമ്മെ ശീലിപ്പിച്ചു

2. സത്യമണാളൻ നമ്മെ വിളിച്ചു

തൻ ശാലയതിൽ പന്തിയിരുത്താൻ
സ്നേഹം കരുണ ശാന്തി ത്യാഗം
എന്നിവയേന്തും വസ്ത്രത്താലെ
പന്തിയിരിക്കാം തന്നൊടുകൂടെ

3. പാപത്തിൻ ദാസ്യത്തിൽ നിന്നും
വേർപെട്ടോരായ് ഈ നിശ തന്നിൽ
തൻ പെസഹായ്ക്കായ് നാം പാർത്തീടാം
തൻ യാതനയിൽ പങ്കാളികളായ്
തന്നോടൊപ്പം കഷ്ടതയേൽക്കാം

4. തന്നോടൊപ്പം നമ്മെ ചേർത്തു
മാമോദീസായാം കിരണത്താൽ
തൻ സുതരാക്കി തന്നോൻ സ്തുത്യൻ.
വാനും ഭൂവും നരരും വാഴ്ത്തും
നാഥാ ദേവാ സ്തോത്രം സ്തോത്രം

നിൻ വിധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതേ ഞങ്ങളെയീശാ
മൊറിയോറാഹേമ്മേലൈനുവാദാറൈൻ

## (മാർ അപ്രേമിന്റെ ബോവൂസോ)

1. ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൽ ചേർന്നടിയാർ
നേടണമവകാശം രാജ്യേ..... ദേവാ....

2. വലുതാം നോമ്പവസാനിച്ചു
വലുതാം പെരുന്നാളാഗതമായ്
വിശ്വാസികളെ വന്നിടുവിൻ
നോമ്പാലും പ്രാർത്ഥനയാലും
വിശ്വാസത്തിൻ നിറകതിരാൽ
പെരുന്നാൾ നാം ഘോഷിക്കേണം ദേവാ.....

3. ഈ രാവിൽ നമ്മുടെ പാപം
നാഥൻ കഴുകി വെടിപ്പാക്കും
ഈ രാവിൽ നമ്മുടെ കറകൾ
നാഥൻ ശുദ്ധീകൃതമാക്കും
സോദരരെ മോദിച്ചിടുവീൻ
നാഥൻ നമ്മെ വിളിച്ചതിനാൽ ദേവാ......

4. പീഡിതരെ സന്തോഷിപ്പിൻ
ദുഃഖിതരെ മോദിച്ചിടുവിൻ
രക്ഷാതുറമുഖമാഗതമായ്
കരുണാവാതിൽ തുറക്കാറായ്
ജ്ഞാനികളായൊരു കന്യകമാർ-
ക്കൊപ്പം ഉൾപൂകാം മോദാൽ ദേവാ......

5. ഈ രാവിൽ സഭ തൻ സുതരെ
നാഥനെ എതിരേല്പാൻ പോകാം.
ദീപേഷ്ടികളെ തെളിയിക്കാം
ജ്ഞാനികളായൊരു കന്യകൾ പോൽ
ഭോഷികൾ പോൽ നാം ചെയ്തീടിൽ
നാഥൻ നമ്മെ പിന്തള്ളും
ഈ ദിവസത്തിൽ സഭയൊന്നായ്
നാഥൻ സവിധെ വന്ദിക്കാം ദേവാ......

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ. ദേവാ......

*(തുടർന്ന് സ്ലീബായും ധൂപക്കുറ്റിയും മറുവഹസായും എടുത്ത് പള്ളിയുടെ തെക്കെ വാതിൽ വഴി പുറപ്പെട്ട് വടക്കുഭാഗം ചുറ്റി പ്രദക്ഷിണം വീണ്ടും പടിഞ്ഞാറു ഭാഗത്തെ വാതിൽക്കൽ വരുമ്പോൾ പള്ളിയുടെ പടിഞ്ഞാറ് അടച്ചിട്ടിരിക്കുന്ന വാതിലിനു മുമ്പിലായി നിന്നുകൊണ്ട് ഏവൻഗേലിയോൻ വായിക്കുന്നു. ജനങ്ങൾ മെഴുകുതിരികൾ കത്തിച്ചു പിടിക്കണം.)*

## പ്രദക്ഷിണ ഗാനം

കർത്താവിനെ വന്ദിച്ചിടാം-തൻ ദയ എന്നേയ്ക്കും തന്നെ
യിസ്രായേൽ ചൊന്നീടുന്നു-അഹറോൻ ഗൃഹവും ചൊല്ലുന്നു
യാഹെൻ പക്ഷത്തുള്ളതിനാൽ-ഭീതിയെനിക്കില്ലൊരുനാളും
മനുഷ്യനിൽ ആശ്രയിക്കുന്നില്ല-യാഹിൽ അഭയം ശ്രേഷ്ഠം ഹോ
യാഹിൻ വാതിൽ ഇതുതന്നെ-അതിലുടേറും നീതിപരൻ
തുറന്നിടുവിൻ നീതികവാടം-അതിലുടുൾ പൂകട്ടെ ഞാൻ
യാഹെ സ്തോത്രം ചെയ്യട്ടെ-തൻ ദയ എന്നേയ്ക്കും തന്നെ

ജീവന്നുറവിടമാം നാഥാ-സത്യത്തിൻ വാതിൽ നീ താൻ
പൂകട്ടതിലൂടെ സഭയാൾ-രക്ഷാതുറമുഖമണയട്ടെ
കടഭാരങ്ങൾ നീങ്ങട്ടെ-പാപം പരിഹൃതമാകട്ടെ
ഉപവാസക്കാരെ കേൾപ്പിൻ-മണവാളൻ എത്തി സവിധെ
ഉയിർപ്പാം തുറമുഖമതിലേയ്ക്കായ്-
അവനോടൊപ്പം പോയീടാം
മണവറവാതിലതുൾപൂകി-അവനോടൊപ്പം മോദിക്കാം.

## ഏവൻഗേലിയോൻ

## പെത്ഗോമോ

ഹാ-ഉ-ഹാ നീതിയതിൻ വാതിലെനിക്ക് തുറന്നീടിൻ
സ്തോത്രം ചെയ്യും നാഥനെ ഞാനതിലുൾപൂകി-ഹാ

**വി. മത്തായി 25:1-13**

*(ഏവൻഗേലിയോൻ വായനയ്ക്കുശേഷം വാതിലിൽ മൂന്നു പ്രാവശ്യം മുട്ടുകയും വാതിൽ തുറക്കുകയും പട്ടക്കാരും ജനങ്ങളും ദേവാലയത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഈ സമയത്ത് താഴെ കാണുന്ന എക്ബോചൊല്ലണം)*

## പെത്ഗോമോ

ശെമ്മാശ്ശൻ: വാതിലുകളെ നിങ്ങളുടെ തലകളെ ഉയർത്തുവിൻ പണ്ടേയുള്ള കതകുകളെ ഉയർന്നിരിപ്പിൻ (മൂന്നു പ്രാവശ്യം).

## എക്ബൊ

(മാനവർ വാനോർ..... എന്ന പോലെ)

മഹത്വത്തിൻ രാജൻ വരവായ്
മഹത്വത്തിൻ രാജാവിവനാർ?
വീരൻ ബലവാൻ ശക്തനവൻ
യാഹെന്നവനുടെ തിരുനാമം

മഹത്വത്തിൻ നാഥാ മശിഹാ
നിൻ രക്ഷാസങ്കേതത്തിൻ
തുറമുഖമാകും സ്ലീബായിൽ
അഭയം പ്രാപിക്കുന്നെങ്ങൾ.

## (ശെമ്മാശ്ശൻ ഗദ്യഭാഗം വായിക്കുന്നു)

നമ്മുടെ രക്ഷകന്റെ രക്ഷാകരമായ കഷ്ടാനുഭവത്തെ പരിശോധിപ്പാനായി ഞാൻ ദൃഷ്ടി വച്ചു. താൻ കള്ളന്മാരുടെ മദ്ധ്യേ തൂക്കപ്പെട്ടും തന്നെ ഉപേക്ഷിച്ചവർ തന്നെ പരിഹസിച്ചുംകൊണ്ടിരിക്കെ ഇതാ ഹന്നാൻ തന്നെ പഴിക്കുന്നു, കയ്യാപ്പാ തന്നെ ആക്ഷേപിക്കുന്നു.

ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ കഷ്ടാനുഭവവും ഞങ്ങൾക്കു വേണ്ടിയുണ്ടായ നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

എന്റെ കണ്ണുകൾ കൺപോളകളെ ചായിച്ചു കളഞ്ഞു. ഉടയവന്റെ വസ്ത്രങ്ങൾ ഉരിയപ്പെട്ടതുകൊണ്ട് ഉയരങ്ങൾ തന്നിൽ സൂക്ഷിച്ചില്ല. ആരും സ്രഷ്ടാവിന്റെ നഗ്നതയെ കാണാതിരിപ്പാൻ സൂര്യൻ തന്റെ കിരണങ്ങളെ മറച്ചു.

ഞങ്ങൾക്കുവേണ്ടിയുണ്ടായ.........

ജീവന്റെ ഉറവയായുള്ളോവേ, പ്രകാശത്തിന്റെ നക്ഷത്രങ്ങൾ ഉദിക്കുന്ന അത്ഭുത രാത്രിയെ കാണേണ്ടതിന് ഞങ്ങളെ ജീവങ്കലേക്കും നയിക്കണമെ. നിന്റെ പ്രഭയെ കാണ്മാൻ ഞങ്ങളുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കണമെ.

ഞങ്ങൾക്കുവേണ്ടിയുണ്ടായ...

സത്യത്തിന്റെ മണവാളാ, ജീവന്റെ തുറമുഖത്തേക്ക് ഞങ്ങളെ നയിക്കണമെ. മഹത്തരമായ പെസഹായ്ക്ക് ഞങ്ങളെ ഒരുക്കണമെ. രക്ഷാതുറമുഖമാകുന്ന ഉയിർപ്പിന്റെ മഹാസന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കണമെ.

ഞങ്ങൾക്കുവേണ്ടിയുണ്ടായ.....

**ആശീർവാദം**